| 07-04-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - ഏറ്റവും നല്ല ദൈവീക ഗുണമാണ് ശാന്തമായിരിക്കുക, അധികം ശബ്ദത്തിലേക്ക് പോകാതിരിക്കുക, മധുരമായി സംസാരിക്കുക. നിങ്ങൾ കുട്ടികൾ ഇപ്പോൾ ടോക്കിയിൽ(ശബ്ദം) നിന്ന് മൂവി(ചലനം), മൂവിയിൽ നിന്ന് സൈലൻസിലേയ്ക്ക് പോവുകയാണ്, അതുകൊണ്ട് കൂടുതൽ ശബ്ദത്തിലേയ്ക്ക് പോകരുത്.**

**ചോദ്യം -** മുഖ്യമായ ഏത് ധാരണയുടെ ആധാരത്തിലാണ് സർവ്വ ദൈവീക ഗുണങ്ങളും സ്വതവേ വരുന്നത്?
**ഉത്തരം -** പവിത്രതയുടെ ധാരണയാണ് മുഖ്യമായിട്ടുള്ളത്. ദേവതകൾ പവിത്രമാണ്, അതുകൊണ്ട് അവരിൽ ദൈവീക ഗുണങ്ങളുണ്ട്. ഈ ലോകത്തിൽ ആരിലും ദൈവീക ഗുണങ്ങളുണ്ടാകുക സാദ്ധ്യമല്ല. രാവണ രാജ്യത്തിൽ ദൈവീക ഗുണം എവിടെ നിന്ന് വരാനാണ്. നിങ്ങൾ റോയൽ കുട്ടികൾ ഇപ്പോൾ ദൈവീക ഗുണങ്ങൾ ധാരണ ചെയ്തുകൊണ്ടിരിക്കുകയാണ്.

**ഗീതം -** ഭോലാനാഥനിൽ നിന്നും അത്ഭുതങ്ങൾ........

**ഓം ശാന്തി.** ഇപ്പോൾ കുട്ടികൾ മനസ്സിലാക്കുന്നു മോശമായതിനെ ശരിയാക്കി മാറ്റുന്നത് ഒരാൾ തന്നെയാണ്. ഭക്തിമാർഗ്ഗത്തിൽ അനേകരുടെയടുത്തേയ്ക്ക് പോകുന്നു. എത്ര തീർത്ഥയാത്രകളെല്ലാം ചെയ്യുന്നു. മോശമായതിനെ ശരിയാക്കി മാറ്റുന്നത് , പതിതരെ പാവനമാക്കി മാറ്റുന്നത് ഒരാൾ മാത്രമാണ്, സദ്ഗതി ദാതാവ്, ഗൈഡ്, ലിബറേറ്ററും ആ ഒന്നാണ്. ഇപ്പോൾ പാടുന്നുമുണ്ട് അനേക മനുഷ്യർ, അനേക ധർമ്മം, മഠം, മാർഗ്ഗം, ശാസ്ത്രങ്ങൾ ഉള്ളതു കാരണം അനേക വഴികൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സുഖത്തിനും ശാന്തിക്കും വേണ്ടി സത്സംഗങ്ങളിൽ പോകാറുണ്ടല്ലോ. ആരാണോ പോകാത്തത് അവർ മായാവി ലഹരിയിൽ തന്നെ ഉന്മത്തരായിരിക്കുന്നു. ഇതും നിങ്ങൾ കുട്ടികൾക്കറിയാം ഇപ്പോൾ കലിയുഗത്തിന്റെ അവസാനമാണ്. മനുഷ്യർക്കിത് അറിയുകയില്ല സത്യയുഗം എപ്പോഴാണ് ഉണ്ടാകുന്നത്? ഇപ്പോൾ എന്താണ്? ഇതാണെങ്കിൽ ചില കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. പുതിയ ലോകത്തിൽ സുഖവും, പഴയ ലോകത്തിൽ ദുഖവും തീർച്ചയായും ഉണ്ടാകുന്നു. ഈ പഴയ ലോകത്തിൽ അനേക മനുഷ്യരുണ്ട്, അനേക ധർമ്മവുമുണ്ട്. നിങ്ങൾക്ക് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കണം. ഇത് കലിയുഗമാണ്, സത്യയുഗം കഴിഞ്ഞു പോയിരിക്കുന്നു. അവിടെ ഒരേയൊരു ആദി സനാതന ദേവീ ദേവതാ ധർമ്മമായിരുന്നു, വേറെ ഒരു ധർമ്മവും ഉണ്ടായിരുന്നില്ല. ബാബ അനേകം തവണ മനസ്സിലാക്കി തന്നിട്ടുണ്ട്, വീണ്ടും മനസ്സിലാക്കി തരുന്നു, ആര് വന്നാലും അവർക്ക് പുതിയ ലോകത്തിന്റെയും പഴയ ലോകത്തിന്റെയും വ്യത്യാസം കാണിച്ചു കൊടുക്കണം. അവർ എന്ത് തന്നെ പറഞ്ഞാലും, ചിലർ 10000 വർഷത്തിന്റെ ആയുസ്സെന്ന് പറയുന്നു, ചിലർ 30000 വർഷത്തിന്റെ ആയുസ്സെന്ന് പറയുന്നു. അനേക അഭിപ്രായങ്ങളാണല്ലോ. ഇപ്പോൾ അവരുടെയടുത്തുള്ളത് ശാസ്ത്രങ്ങളുടെ അഭിപ്രായം തന്നെയാണ്. അനേക ശാസ്ത്രം, അനേക അഭിപ്രായം. മനുഷ്യരുടെ അഭിപ്രായമല്ലേ. ശാസ്ത്രങ്ങളും എഴുതിയത് മനുഷ്യർ തന്നെയല്ലേ. സത്യയുഗത്തിൽ ദേവീ ദേവതാ ധർമ്മമാണുണ്ടാവുക. അവരെ മനുഷ്യരെന്നും പറയാൻ സാധിക്കില്ല. അതിനാൽ ഇപ്പോൾ ഏത് മിത്ര-സംബന്ധികളെ കാണുകയാണെങ്കിലും അവർക്കിരുന്ന് ഇത് കേൾപ്പിച്ച് കൊടുക്കണം. ചിന്തിക്കേണ്ട കാര്യമാണ്. പുതിയ ലോകത്തിൽ എത്ര കുറച്ചേ മനുഷ്യരുണ്ടായിരിക്കുകയുള്ളൂ. പഴയ ലോകത്തിൽ എത്ര ജനപ്പെരുപ്പമാണുണ്ടാവുന്നത്. സത്യയുഗത്തിൽ കേവലം ഒരേയൊരു ദേവതാധർമ്മം മാത്രമായിരുന്നു. മനുഷ്യരും കുറവായിരുന്നു. ദേവതകളിൽ ദൈവീക ഗുണമാണുണ്ടാവുക. മനുഷ്യരിലുണ്ടാവുന്നില്ല. അപ്പോഴാണല്ലോ മനുഷ്യർ പോയി ദേവതകളുടെ മുന്നിൽ നമസ്ക്കരിക്കുന്നത്. ദേവതകളുടെ മഹിമ പാടുന്നു. അവർ സ്വർഗ്ഗവാസികളാണ്, നമ്മൾ കലിയുഗീ നരകവാസികളാണെന്ന് അറിയുന്നു. മനുഷ്യരിൽ ദൈവീക ഗുണമുണ്ടായിരിക്കുവാൻ സാധിക്കില്ല. ചിലർ പറയും ഇയാളിൽ വളരെ നല്ല ദൈവീക ഗുണമാണ്! പറയൂ- ഇല്ല, ദേവതകളിലാണ് ദൈവീക ഗുണമുണ്ടാവുക കാരണം അവർ പവിത്രമാണ്. ഇവിടെ പവിത്രമല്ലാത്തതു കാരണം ആരിലും ദൈവീക ഗുണമുണ്ടാവുക സാധ്യമല്ല, കാരണം ഇത് ആസുരീയ രാവണ രാജ്യമാണല്ലോ. പുതിയ വൃക്ഷത്തിൽ ദൈവീക ഗുണങ്ങളുള്ള ദേവതകളാണ് വസിക്കുന്നത് പിന്നീട് വൃക്ഷം പഴയതാകുന്നു. രാവണ രാജ്യത്തിൽ ദൈവീക ഗുണമുള്ളവർ ഉണ്ടാവാൻ സാധിക്കില്ല. സത്യയുഗത്തിൽ ആദി സനാതന ദേവീ ദേവതകളുടെ പ്രവൃത്തി മാർഗ്ഗമായിരുന്നു. പ്രവൃത്തി മാർഗ്ഗത്തിലുള്ളവരുടെ മഹിമ തന്നെയാണ് പാടപ്പെടുന്നത്. സത്യയുഗത്തിൽ നമ്മൾ പവിത്ര ദേവീ ദേവ

തകളായിരുന്നു, സന്യാസ മാർഗ്ഗമായിരുന്നില്ല. എത്ര പോയിന്റുകളാണ് ലഭിക്കുന്നത്. പക്ഷെ എല്ലാ പോയിന്റു കളും ആരുടെ ബുദ്ധിയിലും ഇരിക്കാൻ സാധിക്കില്ല. പോയിന്റുകൾ മറന്നു പോകുന്നു. അതുകൊണ്ട് തോറ്റുപോകുന്നു. ദൈവീക ഗുണം ധാരണ ചെയ്യുന്നില്ല. ഒരു ദൈവീക ഗുണം തന്നെ നല്ലതാണ്. കൂടു തൽ ആരോടും സംസാരിക്കാതിരിക്കുക, മധുരമായി സംസാരിക്കുക, വളരെക്കുറച്ച് സംസാരിക്കുക, എന്തുകൊണ്ടെന്നാൽ നിങ്ങൾ കുട്ടികൾക്ക് ശബ്ദത്തിൽ നിന്ന് ചലനം, ചലനത്തിൽ നിന്ന് ശാന്തിയി ലേയ്ക്ക് പോകണം. അതിനാൽ ശബ്ദം വളരെ കുറയ്ക്കണം. ആരാണോ വളരെക്കുറച്ച് പതുക്കെ സംസാ രിക്കുന്നത് അപ്പോൾ മനസ്സിലാക്കുന്നു ഇവർ രാജകീയ കുടുംബത്തിലേതാണ്. മുഖത്തിൽ നിന്ന് സദാ രത്നങ്ങൾ വരും.

സന്യാസി അല്ലെങ്കിൽ ആരു തന്നെയായാലും അവർക്ക് പുതിയതും പഴയതുമായ ലോകത്തിന്റെ വ്യത്യാസം പറഞ്ഞുകൊടുക്കണം. സത്യയുഗത്തിൽ ദൈവീക ഗുണമുള്ള ദേവതകളായിരുന്നു, അവർ പ്രവൃത്തി മാർഗ്ഗത്തിലുള്ളവരായിരുന്നു. നിങ്ങൾ സന്യാസിമാരുടെ ധർമ്മം തന്നെ വേറെയാണ്. എങ്കിലും ഇത് മന സ്സിലാക്കണമല്ലോ- പുതിയ സൃഷ്ടി സതോപ്രധാനമാകുന്നു, ഇപ്പോൾ തമോപ്രധാനമാണ്. ആത്മാവ് തമോ പ്രധാനമാകുമ്പോൾ ശരീരവും തമോപ്രധാനമായത് ലഭിക്കുന്നു. ഇപ്പോൾ പതിത ലോകമാണ്. എല്ലാവ രെയും പതിതരെന്ന് പറയും. അത് പാവന സതോപ്രധാന ലോകമാണ്. അത് തന്നെയാണ് പുതിയ ലോകത്തു നിന്നും ഇപ്പോൾ പഴയതായി മാറിയിരിക്കുന്നത്. ഈ സമയം എല്ലാ മനുഷ്യ ആത്മാക്കളും നാസ്തികരാ ണ്, അതുകൊണ്ട് തന്നെയാണ് പ്രശ്നങ്ങളും ഉള്ളത്. നാഥനെ അറിയാത്തതുകാരണം പരസ്പരം വഴക്ക ടിച്ചുകൊണ്ടിരിക്കുന്നു. രചയിതാവിനെയും രചനയേയും അറിയുന്നവരെ ആസ്തികരെന്ന് പറയുന്നു. സന്യാസിധർമ്മത്തിലുള്ളവർക്കാണെങ്കിൽ പുതിയ ലോകത്തെക്കുറിച്ച് അറിയുകയില്ല. അതിനാൽ അവി ടെയ്ക്ക് വരുന്നതേയില്ല. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്, ഇപ്പോൾ എല്ലാ ആത്മാക്കളും തമോപ്രധാന മായി മാറിയിരിക്കുന്നു പിന്നീട് എല്ലാ ആത്മാക്കളെയും സതോപ്രധാനമാക്കി ആര് മാറ്റും? അത് ബാബയ്ക്ക് തന്നെയാണ് ആക്കി മാറ്റാൻ സാധിക്കുന്നത്. സതോപ്രധാനലോകത്തിൽ കുറച്ച് മനുഷ്യരെ ഉണ്ടായിരി ക്കുകയുള്ളൂ. ബാക്കി എല്ലാവരും മുക്തിധാമത്തിലിരിക്കുന്നു. ബ്രഹ്മ തത്വമാണ്, അവിടെയാണ് നമ്മൾ ആത്മാക്കൾ വസിക്കുന്നത്. അതിനെ ബ്രഹ്മാണ്ഡമെന്ന് പറയുന്നു. ആത്മാവ് അവിനാശിയാണ്. ഇത് അവിനാശിയായ നാടകമാണ്, ഇതിൽ എല്ലാ ആത്മാക്കൾക്കും പാർട്ടുണ്ട്. നാടകം എപ്പോൾ ആരംഭിച്ചു? ഇത് ആർക്കും ഒരിക്കലും പറയാൻ സാധിക്കില്ല. ഇത് അനാദിയായ നാടകമാണല്ലോ. ബാബയ്ക്ക് കേവലം പഴയ ലോകത്തെ പുതിയതാക്കുന്നതിന് വരേണ്ടി വന്നു. ബാബ പുതിയ സൃഷ്ടി രചിക്കുന്നുവെന്നല്ല. എപ്പോഴാണോ പതിതമാകുന്നത് അപ്പോഴാണ് വിളിക്കുന്നത്, സത്യയുഗത്തിൽ ആരും വിളിക്കുന്നില്ല. അത് പാവന ലോകമാണ്. രാവണൻ പതിതമാക്കുന്നു, പരംപിതാ പരമാത്മാവ് വന്ന് പാവനമാക്കി മാറ്റുന്നു. പകുതി-പകുതിയെന്ന് തീർച്ചയായും പറയും. ബ്രഹ്മാവിന്റെ പകലും ബ്രഹ്മാവിന്റെ രാത്രിയും പകുതി -പകുതിയാണ്. ജ്ഞാനത്തിലൂടെ പകലുണ്ടാകുന്നു, അവിടെ അജ്ഞത ഉണ്ടായിരിക്കുകയില്ല. ഭക്തി മാർഗ്ഗത്തെ ഇരുട്ടിന്റെ മാർഗ്ഗമെന്ന് പറയുന്നു. ദേവതകൾ പുനർ ജന്മം എടുത്തെടുത്ത് പിന്നീട് അന്ധകാ രത്തിലേയ്ക്ക് വരുന്നു അതുകൊണ്ടാണ് ഈ ഏണിപ്പടിയിൽ കാണിച്ചിരിക്കുന്നത്- മനുഷ്യരെങ്ങനെ സതോ, രജോ, തമോയിൽ വരുന്നു. ഇപ്പോൾ എല്ലാവരുടെയും ജീർണ്ണിച്ച അവസ്ഥയാണ്. ട്രാൻസ്ഫർ ചെയ്യുന്നതിന് അതായത് മനുഷ്യനെ ദേവതയാക്കി മാറ്റുന്നതിന് ബാബ വരുന്നു. എപ്പോൾ ദേവതയായി രുന്നോ അപ്പോൾ ആസുരീയ ഗുണമുള്ള മനുഷ്യർ ഉണ്ടായിരുന്നില്ല. ഇപ്പോൾ ഈ ആസുരീയ ഗുണമുള്ളവരെ പിന്നീട് ദൈവീക ഗുണമുള്ളവരാക്കി മാറ്റുന്നതാരാണ്? ഇപ്പോഴാണെങ്കിൽ അനേക ധർമ്മം, അനേക മനുഷ്യരാണ്. വഴക്കടിച്ചുകൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ ഒരു ധർമ്മമായതുകൊണ്ട് ദുഖ ത്തിന്റെ കാര്യമില്ല. ശാസ്ത്രങ്ങളിൽ ഒരുപാട് കെട്ടുകഥകളാണ്, അത് ജന്മ ജന്മാന്തരം പഠിച്ചു വന്നു. ബാബ പറയുന്നു ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ ശാസ്ത്രങ്ങളാണ്, അതിലൂടെ എന്നെ പ്രാപ്തമാക്കാൻ സാധിക്കില്ല. ഞാനാണെങ്കിൽ സ്വയം ഒരേയൊരു തവണ വന്നാണ് എല്ലാവരുടെയും സദ്ഗതി ചെയ്യുന്ന ത്. ഇങ്ങനെയാർക്കും തിരിച്ച് പോകാൻ സാധിക്കില്ല. വളരെ ക്ഷമയോടെയിരുന്ന് മനസ്സിലാക്കി കൊടുക്ക ണം, അസ്വസ്ഥരാകരുത്. അവർക്ക് തങ്ങളുടേതായ അഹങ്കാരം ഉണ്ടായിരിക്കുമല്ലോ. സാധു സന്യാസി മാരുടെയടുത്ത് ഫോളോവേഴ്സും ഉണ്ടാകുമല്ലോ. ഉടൻ പറയും ഇവരിലും ബ്രഹ്മാകുമാരിമാർ ഇന്ദ്ര ജാലം കാണിച്ചിരിക്കുകയാണ്. വിവേകമുള്ളവർ പറയും ഇത് ചിന്തിക്കേണ്ട കാര്യമാണ്. പ്രദർശിനിയിലും മേളയിലുമെല്ലാം അനേക പ്രകാരത്തിലുള്ളവർ വരുമല്ലോ. പ്രദർശിനിയിലെല്ലാം ആര് തന്നെ വന്നാലും അവർക്ക് വളരെ ക്ഷമയോടുകൂടി മനസ്സിലാക്കി കൊടുക്കണം, എങ്ങനെയാണോ ബാബ ക്ഷമയോടെ മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കുന്നത്. വളരെ ശബ്ദത്തോടെ സംസാരിക്കരുത്. പ്രദർശിനിയിലാണെ ങ്കിൽ കൂട്ടത്തോടെയായിരിക്കുമല്ലോ. പിന്നീട് പറയണം - താങ്കൾ കുറച്ച് സമയം ഒറ്റക്ക് വന്ന് മനസ്സിലാ ക്കുകയാണെങ്കിൽ താങ്കൾക്ക് രചയിതാവിന്റെയും രചനയുടെയും രഹസ്യം മനസ്സിലാക്കിത്തരാം. രചന യുടെ ആദി-മധ്യ-അന്ത്യത്തിന്റെ ജ്ഞാനം രചയിതാവായ ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്.

ബാക്കിയെല്ലാവരും ഇതല്ല-ഇതല്ല എന്ന് പറഞ്ഞ് പോകുന്നു. ഒരു മനുഷ്യനും പോകാൻ സാധിക്കില്ല. ജ്ഞാനത്തിലൂടെ സദ്ഗതിയുണ്ടാകുന്നു പിന്നീട് ജ്ഞാനത്തിന്റെ ആവശ്യമുണ്ടാകുന്നില്ല. ഇവിടെ ഈ ജ്ഞാനം ബാബയ്ക്കല്ലാതെ വേറെയാർക്കും മനസ്സിലാക്കി തരാൻ സാധിക്കില്ല. മനസ്സിലാക്കി കൊടുക്കുന്നയാൾ ഒരു വൃദ്ധനാണെങ്കിൽ മനുഷ്യർ മനസ്സിലാക്കും, ഇദ്ദേഹവും അനുഭവിയാണല്ലോ. തീർച്ചയായും സത്സംഗമെല്ലാം ചെയ്തിട്ടുണ്ട്. ചില കുട്ടികൾ മനസ്സിലാക്കി കൊടുക്കുമ്പോൾ പറയും ഇത് എന്തറിയാനാണ്. അതിനാൽ ഇങ്ങനെയിങ്ങനെയുള്ള വൃദ്ധർക്ക് പ്രഭാവമുണ്ടാക്കാൻ സാധിക്കുന്നു. ബാബ ഒരേയൊരു പ്രവാശ്യം വന്നാണ് ഈ ജ്ഞാനം മനസ്സിലാക്കി തരുന്നത്. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കി മാറ്റുന്നു. മാതാക്കളിരുന്ന് ഇവർക്ക് മനസ്സിലാക്കികൊടുക്കുകയാണെങ്കിൽ സന്തോഷമുണ്ടാകും. പറയൂ ജ്ഞാനസാഗരനായ ബാബ ജ്ഞാനത്തിന്റെ കലശം ഞങ്ങൾ മാതാക്കൾക്കാണ് നൽകിയത് പിന്നീട് ഞങ്ങളത് മറ്റുള്ളവർക്ക് നൽകുന്നു. വളരെ നമ്രതയോടെ സംസാരിക്കണം. ജ്ഞാനസാഗരനായ ശിവബാബ ഞങ്ങൾക്ക് ജ്ഞാനം കേൾപ്പിക്കുന്നു. പറയുന്നു ഞാൻ നിങ്ങൾ മാതാക്കളിലൂടെ മുക്തി ജീവൻമുക്തിയുടെ ഗേറ്റ് തുറക്കുകയാണ്, വേറെ ആർക്കും തുറക്കാൻ സാധിക്കില്ല. ഞങ്ങളിപ്പോൾ പരമാത്മാവിലൂടെ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങളെ ഒരു മനുഷ്യനുമല്ല പഠിപ്പിക്കുന്നത്. ജ്ഞാനസാഗരൻ ഒരേയൊരു പരംപിതാ പരമാത്മാവാണ്. നിങ്ങളെല്ലാവരും ഭക്തിയുടെ സാഗരമാണ്. ഭക്തിയുടെ അതോറിറ്റിയാണുള്ളത്, ജ്ഞാനത്തിന്റെയല്ല. ജ്ഞാനത്തിന്റെ അതോറിറ്റി ബാബ മാത്രമാണ്. മഹിമയും ഒന്നിന്റെയാണ് ചെയ്യുന്നത്. ആ ബാബ ഉയർന്നതിലും ഉയർന്നതാണ്. നമ്മൾ ആ ബാബയെ തന്നെയാണ് അംഗീകരിക്കുന്നത്. ബാബ നമ്മേ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ പഠിപ്പിക്കുകയാണ് അതുകൊണ്ടാണ് ബ്രഹ്മാകുമാരൻ- കുമാരിയെന്ന് പാടപ്പെടുന്നത്. ഇങ്ങനെ വളരെ മധുരമായ രൂപത്തിലിരുന്ന് മനസ്സിലാക്കി കൊടുക്കൂ. എത്രതന്നെ പഠിച്ചിട്ടുള്ളവരായാലും ശരി. അനേകം ചോദ്യങ്ങളുണ്ടാകും. ആദ്യമാദ്യം ബാബയിൽ മാത്രം നിശ്ചയം ചെയ്യിപ്പിക്കണം. ആദ്യം നിങ്ങളിത് മനസ്സിലാക്കൂ രചയിതാവ് ബാബയാണോ അതോ അല്ലേ. എല്ലാവരുടെയും രചയിതാവ് ഒരേയൊരു ശിവബാബയാണ്, ശിവബാബ തന്നെയാണ് ജ്ഞാനത്തിന്റെ സാഗരൻ. അച്ഛൻ, ടീച്ചർ, സദ്ഗുരുവാണ്. ആദ്യമിത് ബുദ്ധിയിൽ നിശ്ചയം ചെയ്യൂ രചയിതാവായ ബാബ തന്നെയാണ് രചനയുടെ ആദി-മധ്യ-അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നത്. ബാബ തന്നെയാണ് നമുക്ക് മനസ്സിലാക്കി തരുന്നത്, ബാബ തീർച്ചയായും ശരിയായ കാര്യമാണ് മനസ്സിലാക്കി തരുക. പിന്നീട് ഒരു ചോദ്യവും ഉണ്ടാവാൻ സാധിക്കില്ല. ബാബ വരുന്നത് തന്നെ സംഗമത്തിലാണ്. കേവലം പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാപം ഭസ്മമാകും. പതിതരെ പാവനമാക്കി മാറ്റലാണ് എന്റെ ജോലി. ഇപ്പോൾ തമോപ്രധാന ലോകമാണ്. പതിത പാവനൻ ബാബയില്ലാതെ ആർക്കും ജീവൻമുക്തി നേടാൻ സാധിക്കില്ല. എല്ലാവരും ഗംഗാസ്നാനം ചെയ്യാൻ പോകുന്നു അപ്പോൾ പതിതരാണല്ലോ. ഞാനാണെങ്കിൽ പറയുന്നമില്ല ഗംഗാ സ്നാനം ചെയ്യൂ. ഞാൻ പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ. ഞാൻ നിങ്ങൾ എല്ലാ പ്രിയതമകളുടെയും പ്രിയതമനാണ്. എല്ലാവരും ഒരു പ്രിയതമനെ തന്നെയാണ് ഓർമ്മിക്കുന്നത്. രചനയുടെ രചയിതാവ് ഒരേയൊരു ബാബയാണ്. ആ ബാബ പറയുകയാണ് ദേഹീ അഭിമാനിയായി എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഈ യോഗാഗ്നിയിലൂടെ വികർമ്മം വിനാശമാകും. പഴയ ലോകം മാറികൊണ്ടിരിക്കുന്ന ഇപ്പോൾ തന്നെയാണ് ബാബ ഈ യോഗം പഠിപ്പിക്കുന്നത്. വിനാശം മുന്നിൽ നിൽക്കുകയാണ്. ഇപ്പോൾ നമ്മൾ ദേവതയായി മാറികൊണ്ടിരിക്കുകയാണ്. ബാബ എത്ര സഹജമായാണ് പറഞ്ഞു തരുന്നത്. ബാബയുടെ മുന്നിലിരുന്ന് കേൾക്കുന്നുണ്ട് പക്ഷെ ഏകരസമായല്ല കേൾക്കുന്നത്. ബുദ്ധി മറ്റു ഭാഗങ്ങളിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുന്നു. ഭക്തിയിലും ഇങ്ങനെയാണുണ്ടാവുന്നത്. മുഴുവൻ ദിവസവും വെറുതെ പോകുന്നു, ബാക്കി നിശ്ചയിക്കപ്പെട്ട സമയത്ത് പോലും ബുദ്ധി അവിടെയും ഇവിടെയും പോകുന്നു. എല്ലാവരുടെയും അവസ്ഥ ഇങ്ങനെയാണ്. മായയാണല്ലോ.

ചില കുട്ടികൾ ബാബയുടെ മുന്നിലിരിക്കെ ധ്യാനത്തിലേയ്ക്ക് പോകുന്നു, ഇതും സമയം നഷ്ടപ്പെടുത്തലാണല്ലോ. ശേഖരണമാണെങ്കിൽ ഉണ്ടാകുന്നുമില്ല. ബാബ പറയുകയാണ് ഓർമ്മയിലിരിക്കൂ, അതിലൂടെ വികർമ്മം വിനാശമാകും. ധ്യാനത്തിൽ പോകുന്നതുകൊണ്ട് ബുദ്ധിയിൽ ബാബയുടെ ഓർമ്മയുണ്ടായിരിക്കുകയില്ല. ഈ എല്ലാ കാര്യങ്ങളിലും വളരെയധികം നഷ്ടമാണ്. നിങ്ങൾക്കാണെങ്കിൽ കണ്ണുകൾ പോലും അടയ്ക്കേണ്ടതില്ല. ഓർമ്മയിലിരിക്കണമല്ലോ. കണ്ണുകൾ തുറന്നിരിക്കുന്നതുകൊണ്ട് ഭയക്കേണ്ടതില്ല. കണ്ണ് തുറന്നിട്ടാവണം. ബുദ്ധിയിൽ പ്രിയതമനെ ഓർമ്മയുണ്ടാവണം. കണ്ണുകളടച്ചിരിക്കുക, ഇത് നിയമമല്ല. ബാബ പറയുകയാണ് ഓർമ്മയിലിരിക്കൂ. ഇങ്ങനെ കണ്ണുകളയ്ക്കൂ എന്ന് ഒരിക്കലും പറയുന്നില്ല. കണ്ണുകളടച്ച്, തല ഇങ്ങനെ താഴ്ത്തിയിരുന്നാൽ ബാബയെങ്ങനെ കാണും. കണ്ണുകളൊരിക്കലും അടയ്ക്കരുത്. കണ്ണുകളടഞ്ഞ് പോവുന്നു എങ്കിൽ എന്തോ കലർപ്പുണ്ട് , വേറെ ആരെയെങ്കിലും ഓർമ്മ വരുന്നുണ്ടാകും. ബാബ പറയുകയാണ് വേറെ ഏതെങ്കിലും മിത്ര സംബന്ധികളെ ഓർമ്മ വന്നൂ എങ്കിൽ നിങ്ങൾ സത്യമായ പ്രിയതമകളല്ല. സത്യമായ പ്രിയതമകളായി മാറണം അപ്പോഴേ ഉയർന്ന പദവി നേടൂ. മുഴുവൻ പരിശ്രമവും ഓർമ്മയിലാണ്. ദേഹാഭിമാനത്തിൽ ബാബയെ മറന്നു പോകുന്നു, പിന്നീട് ബുദ്ധിമുട്ടനുഭവിച്ചുകൊണ്ടിരി

ക്കുന്നു, വളരെ മധുരമായി മാറണം. അന്തരീക്ഷവും മധുരമായിരിക്കണം, ഒരു ശബ്ദവുമുണ്ടാകരുത്. ആരെങ്കിലും വരുകയാണെങ്കിൽ കാണട്ടെ– എത്ര മധുരമായാണ് സംസാരിക്കുന്നത്. വളരെയധികം ശാന്തിയുണ്ടായിരിക്കണം. ഒരു വഴക്കോ ലഹളയോ ഉണ്ടാകരുത്. ഇല്ലായെങ്കിൽ അച്ഛൻ, ടീച്ചർ, ഗുരു മൂന്ന് പേരെയും നിന്ദ ചെയ്യിപ്പിക്കലാണ്. അവർ പിന്നീട് കുറഞ്ഞ പദവിയേ നേടൂ. കുട്ടികൾക്കിപ്പോൾ വിവേകം ലഭിച്ചിരിക്കുകയാണ്. ബാബ പറയുന്നു ഞാൻ നിങ്ങളെ ഉയർന്ന പദവി നേടുന്നതിന് വേണ്ടി പഠിപ്പിക്കുകയാണ്. പഠിച്ച് പിന്നീട് മറ്റുള്ളവരെയും പഠിപ്പിക്കണം. സ്വയവും മനസ്സിലാക്കാൻ കഴിയും, നമ്മളാണെങ്കിൽ ആർക്കും കേൾപ്പിക്കുന്നില്ലായെങ്കിൽ എന്ത് പദവി നേടാനാണ്! പ്രജയെ ഉണ്ടാക്കുന്നില്ലായെങ്കിൽ എന്താവാനാണ്! യോഗമില്ല, ജ്ഞാനമില്ലായെങ്കിൽ പിന്നീട് തീർച്ചയായും പഠിച്ചവരുടെ മുന്നിൽ ഓച്ഛാനിച്ച് നിൽക്കേണ്ടി വരും. അവനവനെ നോക്കണം ഈ സമയം തോറ്റു പോയാൽ, കുറഞ്ഞ പദവി നേടുകയാണെങ്കിൽ കല്പ കല്പാന്തരം കുറഞ്ഞ പദവിയായി പോകും. ബാബയുടെ ജോലിയാണ് മനസ്സിലാക്കി തരുക, മനസ്സിലാക്കുന്നില്ലായെങ്കിൽ തന്റെ പദവി ഭ്രഷ്ടമാകും. എങ്ങനെ ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കണം– അതും ബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നുണ്ട്. എത്ര കുറച്ചും പതുക്കെയും സംസാരിക്കുന്നുവോ അത്രയും നല്ലതാണ്. ബാബ സേവനം ചെയ്യുന്നവരുടെ മഹിമയും ചെയ്യുന്നുണ്ടല്ലോ. വളരെ നല്ല സേവനം ചെയ്യുകയാണെങ്കിൽ ബാബയുടെ ഹൃദയത്തിൽ കയറുന്നു. സേവനത്തിലൂടെ തന്നെയാണല്ലോ ഹൃദയത്തിൽ കയറുക. തീർച്ചയായും ഓർമ്മയുടെ യാത്രയും ആവശ്യമാണ് അപ്പോഴേ സതോപ്രധാനമായി മാറൂ. ശിക്ഷ കൂടുതൽ അനുഭവിക്കുകയാണെങ്കിൽ പദവിയും കുറഞ്ഞ് പോകും. പാപം ഭസ്മമാകുന്നില്ലായെങ്കിൽ ശിക്ഷയും ഒരുപാട് അനുഭവിക്കേണ്ടി വരുന്നു, പദവിയും കുറഞ്ഞ് പോകുന്നു. അതിനെ നഷ്ടമെന്ന് പറയുന്നു. ഇതും വ്യാപാരമാണല്ലോ. നഷ്ടത്തിലേയ്ക്ക് പോകരുത്. ദൈവീക ഗുണം ധാരണ ചെയ്യൂ. ഉയർന്നവരായി മാറണം. ബാബ ഉന്നതിക്ക് വേണ്ടിയാണ് ഇപ്രകാരമുള്ള കാര്യങ്ങൾ കേൾപ്പിക്കുന്നത്, ഇപ്പോൾ എന്ത് ചെയ്യുന്നുവോ അത് നേടും. നിങ്ങൾക്ക് മാലാഖയായി മാറണം, അങ്ങനെയുള്ള ഗുണങ്ങളും ധാരണ ചെയ്യണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം

1. ആരോടാണെങ്കിലും വളരെ നമ്രതയോടെയും പതുക്കെയും സംസാരിക്കണം. പെരുമാറ്റം വളരെ മധുരമാകണം. ശാന്തിയുടെ അന്തരീക്ഷമായിരിക്കണം. യാതൊരു തരത്തിലുമുള്ള ശബ്ദവുമുണ്ടാകരുത്, എങ്കിൽ സേവനത്തിൽ സഫലത ഉണ്ടാകും.

2. സത്യം സത്യമായ പ്രിയതമയായി മാറി ഒരു പ്രിയതമനെ ഓർമ്മിക്കണം. ഓർമ്മയിലൊരിക്കലും കണ്ണുകളടച്ച് തല താഴ്ത്തി ഇരിക്കരുത്. ദേഹീ അഭിമാനിയായിരിക്കണം.

## വരദാനം : സർവ്വ ഖജനാവുകളെയും സ്വയത്തിനു വേണ്ടിയും മറ്റുള്ളവർക്ക് വേണ്ടിയും ഉപയോഗിക്കുന്നവരായ അഖണ്ഡ മഹാദാനിയായി ഭവിക്കു.

എങ്ങനെയാണ് ബാബയുടെ ഭണ്ഡാരം സദാ നിറഞ്ഞിരിക്കുന്നത് ദിവസവും കൊടുത്തു കൊണ്ടിരിക്കുന്നത് അതുപോലെ താങ്കളുടെയും അഖണ്ഡമായ ഭണ്ഡാരം ആയിരിക്കണം. കാരണം താങ്കളുടെ അടുത്ത് ജ്ഞാനത്തിന്റെ, ശക്തികളുടെ, സന്തോഷത്തിന്റെ നിറഞ്ഞ ഭണ്ഡാരമാണ് ഉള്ളത്. ഇത് കൂടെ വയ്ക്കുന്നതിനും ഉപയോഗിക്കുന്നതിനും യാതൊരു അപകടങ്ങളും ഇല്ല. ഈ ഭണ്ഡാരം സദാ തുറന്നിരുന്നാലും കള്ളന്മാർ വരില്ല. അടച്ചു വെച്ചാൽ കള്ളൻ വരും. അതുകൊണ്ട് ദിവസവും തനിക്ക് ലഭിച്ച ഖജനാവുകളെ നോക്കൂ. സ്വയത്തിനു വേണ്ടിയും മറ്റുള്ളവർക്ക് വേണ്ടിയും ഉപയോഗിക്കുമ്പോൾ അഖണ്ഡ മഹാദാനിയായി മാറാം.

## സ്ലോഗൻ: : കേട്ടതിനെ മനനം ചെയ്യൂ, മനനം ചെയ്യുന്നതിലൂടെ ശക്തി ശാലിയായി മാറാം

**അവ്യക്ത സൂചന : കമ്പൈൻഡ് സ്വരൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയികളായി മാറൂ**

സേവയും സ്ഥിതിയും, ബാബയും താങ്കളും ഈ കമ്പൈൻഡ് സ്ഥിതിയും കമ്പൈൻഡ് സേവയും ചെയ്യുമ്പോൾ സദാ ഫരിസ്ഥ സ്വരൂപത്തിന്റെ അനുഭവം ചെയ്യാം. സദാ ബാബ കൂടിയുണ്ട് കൂട്ടുകാരനുമാണ് ഈ ഡബിൾ അനുഭവം ഉണ്ടാകണം. ലഹരിയിൽ സദാ ബാബ കൂടെയുണ്ട് എന്ന അനുഭവം ചെയ്യൂ സേവനത്തിലും കൂട്ടുകാരൻ ആണെന്നുള്ള അനുഭവം ചെയ്യൂ.